
# വളപ്പൊട്ടുകൾ



## സി കെ സി എച്ച്എസ്
## പൊന്നുരുന്നി

# വളപ്പൊട്ടുകൾ

## ഡിജിറ്റൽ മാഗസിൻ

**ക്രൈസ്റ്റ് കിംഗ് കോൺവെന്റ് ഹൈസ്കൂൾ**
**പൊന്നുരുന്നി**

## ഒരു ലിറ്റിൽ കൈറ്റ് സംരംഭം

# സന്ദേശം



ജ്ഞാനം സമ്പാദിച്ചാൽ പോര,ജ്ഞാനം അഭ്യസിക്കുകയും ചെയ്യണം.ജ്ഞാനം അഭ്യസിക്കുന്നവർ വഴിതെറ്റിപ്പോകാതിരിക്കും.

ഒരു വ്യക്തിയുടെ സമഗ്രവളർച്ച വിദ്യാഭ്യാസത്തിലൂടെ സാധിതമാകണമെന്ന് രാഷ്ട്രപിതാവായിരുന്ന ഗാന്ധിജി ഊന്നിപ്പറയുകയുണ്ടായി.ഈ ആധുനികയുഗത്തിൽ വളരുന്ന മക്കളുടെ,വ്യത്യസ്തകഴിവുകൾ കണ്ടെത്തി ഉയർച്ചയിലേക്കു വളർത്തുവാൻ ഈ-മാഗസിൻ പ്രയോജനപ്പെടും.ദൈവത്തിന്റെ ഉൽകൃഷ്ടദാനവും വിശിഷ്ടദാനവുമാണ് ദൈവികജ്ഞാനം.ജ്ഞാനത്തോട് കിടപിടിക്കാൻ യോഗ്യമായ ഒന്നും തന്നെ ഈ ലോകത്തിൽ ഇല്ല.ഈ-മാഗസിൻ വഴി എല്ലാ വിദ്യാർത്ഥികളും ദൈവത്തിന്റെ സമ്മാനമായ ദൈവികജ്ഞാനത്തിൽ വളർന്ന് നാടിനും,,സമൂഹത്തിനും,കുടുംബത്തിനു,വീടിനും

***,രാഷ്ട്രത്തിനും,ലോകത്തിനും അനുഗ്രഹമായി മറട്ടെ എന്ന് ആശംസിക്കുന്നു.***

***ഹെഡ്മിസ്ട്രസ്സ്***
***സി.കെ.സി.എച്ച.എസ്***
***പൊന്നുരുന്നി.പി.ഒ***
***വൈറ്റില-682019***

# എഡിറ്റോറിയൽ

സി.കെ.സി ഹൈസ്കൂളിൽ ലിറ്റിൽ

കൈറ്റ്സ് തങ്ങളുടെ കഴിവിനൊത്ത് രചനകൾ

'വളപ്പൊട്ടുകൾ' എന്ന ഇ-മാഗസീനിൽ

ചിട്ടപ്പെടുത്തിയിരിക്കുന്നു.സാങ്കേതിക

വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം

നമ്മുടെ മാത്രഭാഷയിലൂടെ,തങ്ങളുടെ

സർഗ്ഗാത്മകതയിലൂടെ

അവതരിപ്പിക്കുകയാണ്ഇവിടെ..കഥകൾ

,കടങ്കഥകൾ

,കവിതകൾ,ചിത്രങ്ങൾ,തുടങ്ങിയവയാണ്

***ഇതിലെ വിഭവങ്ങൾ.ഈ മാസിക തയ്യാറാക്കാൻ അവസരമൊരുക്കിയ ലിറ്റിൽ കൈറ്റ് എന്ന സംരംഭത്തിന് അഭിവാദ്യങ്ങൾ അർപ്പിക്കുന്നു.ഞങ്ങളുടെ ഹെഡ്മിസ്ട്രസ്സ്,ലിറ്റിൽ കൈറ്റ് മാസ്റ്റേഴ്സ്,സഹപാഠികൾ,എല്ലാവർക്കുമായി 'വളപൊട്ടുകൾ' സാദരം സമർപ്പിക്കുന്നു.***

## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ- റവ. സിസ്റ്റർ ലിസ്സി ദേവസ്സി

സ്റ്റാഫ് എഡിറ്റർ- ജെസ്റ്റീന ജെറോം

സ്റ്റുഡന്റ് എഡിറ്റർ- ഫസ്ന.കെ.എ

## എഡിറ്റോറിയൽ ബോർഡ്

1. ആമിൻ നൗറിൻ
2. ശ്രീലക്ഷ്മി രാജ് പൈ
3. അഫ്രിന കരീം
4. സുൽത്താന ബഷീർ
5. എലിസബത്ത് ആൻ ട്രീസ
6. അഫ്രിൻ പി.എം
7. ഫാത്തിമ ഷിറിൻ
8. സ്വാതി സാജൻ
9. പൂജ ബിനു
10. അഞ്ജന പ്രമോദ്

# ആമുഖം



| | |
|---|---|
| 1.നീലക്കുറിഞ്ഞികൾ | ആദിത്യ |
| 2.സ്വപ്നം | അഞ്ജന പ്രമോദ് |
| 3 .മഹത്വ വചനങ്ങൾ | അതുല്യ |
| 4.കടങ്കഥകൾ | പൂജ ബിന്ദു |
| 5.അമ്പാടിക്കണ്ണനാം ഉണ്ണി | സാംന പി രമണൻ |
| 6.സുന്ദരി തത്തമ്മ | ആമിൻ |
| 7.കാലം | അഫ്രിനാ കരീം |
| 8.കടലിലെ കാഴ്ചകൾ | ഹരിത എം ബി |
| 9. ജീവിതമാകുന്ന സ്വപ്നം | അർച്ചന മധു |
| 10. മടിയൻ കാക്ക | ഫാരിത |
| 11. മഴയെന്തുമഴ മഴയെന്തുനാശം | ആമിൻ നൗറിൻ |
| 12. പാഠം പഠിച്ചു | സ്വാതി സാജൻ |
| 13.അർത്ഥം അനർത്ഥം | ഫാത്തിമ ഷിറിൻ |
| 14.കടത്തുകാരനും കടുവയും | നെഹില ടി എൻ |
| 15. ഒരിക്കലും വാടാത്ത പൂച്ചെണ്ട് | ശ്രീലക്ഷമി |
| 16. വിദ്യാലയം | അലീന |
| 17.വായന | ആദിത്യ |
| 18.ഗുരുവന്ദനം | സുൽത്താന ബഷീർ |
| 19. സ്വപ്നചിറകുകൾ | ഹസ്ന |
| 20.സുപ്രഭാതം | സ്നേഹ സന്തോഷ് |
| 21.സ്നേഹം | എലൈന |
| 22.മാറുന്ന അമ്മ മലയാളം | സ്നേഹ |
| 23.ബാല്യകാലത്തെ പുതുമഴ | പൂജ ആർ എ |
| 24.ജലം | സുൽത്താന എൻ എൻ |
| 25. ഉദ്ധരണി | ദിയ |
| 26.യാത്രമൊഴി | അമൃത |
| 27.എന്റെ പൂന്തോട്ടം | സുൽത്താന ബഷീർ |
| 28.പൊന്നോണം | ശ്രീലക്ഷമി |
| 29 നീയാണോ? | അഫ്രീനാ കരീം |
| 30. പഴഞ്ചൊല്ല് വ്യാഖ്യാനം | ദൃശ്യ |

# നീലക്കുറിഞ്ഞികൾ

നീലക്കുറിഞ്ഞികൾ പൂത്തല്ലോ വീണ്ടും
പച്ചപ്പുതപ്പണിഞ്ഞ താഴ്വരയിൽ
മയിലുകളും മാൻപേടകളും
എത്തിയല്ലോ അവയെ
താലോലിക്കാൻ



പച്ചയാട കളഞ്ഞതാഴ്വരകൾ
ചുറ്റിയല്ലോ നീല കുറുഞ്ഞിപ്പട്ട്
മാരുതനും മഞ്ഞുതുള്ളിക്കളും
ആഘോഷിച്ചു
നീലക്കുറിഞ്ഞി തൻ ആഗമനം
ശരത്കാലചന്ദ്രനും താരകളും
തഴുകി ഉറക്കീ ഈ സുമങ്ങളെ
ആഹ്ലാദ അലകൾ ആഞ്ഞടിക്കവേ എത്തീ
നീലക്കുറിഞ്ഞി തൻ യാത്രമൊഴീ
വിരഹം വിതറിയ താഴ്വരകളിൽ നിന്നും
യാത്രയായി പ്രിയ നീലക്കുറഞ്ഞികൾ
കുളിരും നിലാവും ഒഴുക്കുന്ന രാത്രിയിൽ
ഓർക്കും ഞാൻ നിന്നെ പ്രിയ കുറിഞ്ഞീ
നിൻ മധുരസ്മരണകൾതൻ കൂടെ
ഞാൻ
കാത്തിരിക്കും നിന്നെ നീലക്കുറിഞ്ഞി



**-ആദിത്യ**

# സ്വപ്നം

*സ്വപനത്തിന്റെ  ചിറകിന്*
*മഴവില്ലിൻ വർണ്ണം*
*സ്വപ്നത്തിന്റെ മുറിവിന്*
*സമുദ്രത്തിൻ ആഴം*
*സ്വപ്നമാകുന്ന ഈ ലോകം*

*സത്യത്തെ ശത്രുവായി കാണുന്ന*
*നിത്യമായ സത്യം എന്നും*
*ഒരു സ്വപ്നം മാത്രം*
*സ്വപ്നം വ്യക്തിയുടെ വികാരം*
*എന്നാൽ നിത്യവും യാഥാർത്ഥ്യം*

അഞ്ജന പ്രമോദ്



# മഹത് വചനങ്ങൾ

- ➔ ചെയ്യാൻ പോകുന്ന കാര്യങ്ങൾ ആരെയും മഹത്വപ്പെടുത്തുന്നില്ല ചെയ്ത കാര്യങ്ങൾ ആണ് മഹത്വം നിശ്ചയിക്കുന്നത് -ഹെൻറി ഫോർഡ്
- ➔ ഹ്രസ്വമായ അദ്ധ്വാനത്തിനു പകരം നിത്യസമ്മാനവും ക്ഷണികമായ അപമാനത്തിനു പകരം നിത്യമഹത്വവും ഞാൻ നൽകും -ക്രിസ്താനുകരണം
- ➔ വിജ്ഞാനം നശിക്കുന്നത് അത് രഹസ്യമായി വയ്ക്കുമ്പോഴാണ് -മുഹമ്മദ് നബി
- ➔ മനസ്സാണ് നന്മയും തിന്മയും സൃഷ്ടിക്കുന്നത് -സ്പെൻസർ
- ➔ ദൈവഭക്തിയാണ് ജ്ഞാനത്തിന്റെ ഉറവിടം -ബൈബിൾ
- ➔ നാവികൊണ്ടുള്ള മുറിവ് വാള് കൊണ്ടുള്ളതിനേക്കാൾ കഠിനമാണ് -പിത്താഗറസ്
- ➔ സ്നേഹം എന്ന ദിവ്യമായ വികാരം അക്ഷരങ്ങളിലല്ല ഹൃദയങ്ങളിലാണ് ജീവിക്കുന്നത് -വില്യം
- ➔ ടേസ്വന്തം പ്രവർത്തികൊണ്ട് സ്വയം അറിയുക -മോൺയഗൻ

**-അതുല്യ**



# കടങ്കഥകൾ

1) അരയുണ്ട് കാലുണ്ട് കാലിന്റെ പാദമില്ല – പാന്റ്
2) എട്ടെല്ലൻ കുട്ടപ്പനൊറ്റകാലൻ –കുട
3) എല്ലില്ല തലയില്ല കൈയ്ക്കു പടമില്ല ആരാന്റെ കാലോണ്ടേ ഞാൻ നടക്കു –കുപ്പായം
4) എവിടെ നോക്ക്യാലും കാല്ലില്ലാപന്തൽ –ആകാശം
5) ഒരാൾക്കു കാലിലും തൊപ്പി തലയിലും തൊപ്പി –ഉലക്ക
6) ഒറ്റക്കാലനൊരപ്പത്തലയൻ നിന്നു തിരിഞ്ഞിട്ടാർപ്പും വിളിക്കും –കടങ്കോൽ
7) ഒറ്റക്കാലുണ്ടെട്ടെല്ലുണ്ട് ഓടാക്കുതിരകൾ രണ്ടുണ്ട് –കുട
8) കാലകത്തിയാൽ തല പിളരും –കത്രിക
9) കാലില്ല കഴുത്തില്ല കയറിട്ടു തല്ലിയാൽ ബഹളം കൂട്ടും –ചെണ്ട
10) കാലില്ലാത്തവൻ നീന്തി –പാമ്പ് /വള്ളം

പൂജ ബിനു



# അമ്പാടിക്കണ്ണനാം ഉണ്ണി




അമ്പാടിയിലുണ്ടൊരുണ്ണി
അമ്പാടിക്കണ്ണനാം ഉണ്ണി
കാർമുക്കിൽ വർണ്ണനാം ഉണ്ണി
അമ്പാടിക്കണ്ണനാം ഉണ്ണി

കാളിയമർദനൻ ഉണ്ണി
അമ്പാടിക്കണ്ണനാം ഉണ്ണി
ഗോപകുമാരനാം ഉണ്ണി
അമ്പാടിക്കണ്ണനാം ഉണ്ണി

സൂത്രക്കാരനാം ഉണ്ണി
അമ്പാടിക്കണ്ണനാം ഉണ്ണി
രാധാവല്ലപൻ ഉണ്ണി
അമ്പാടിക്കണ്ണനാം ഉണ്ണി

പീലിതിരുടിചൂടി
പിച്ചകമാലയും ചാർത്തി
ഓടിക്കളിച്ചിടും ഉണ്ണി
*അമ്പാടിക്കണ്ണനാം ഉണ്ണി*



*സാംന പി രമണൻ*

# സുന്ദരി തത്തമ്മ



പച്ചയുടുപ്പിട്ട തത്തമ്മ
പിച്ച നടക്കുന്ന തത്തമ്മ
തിത്തയ്യം കാട്ടിലെ - തത്തമ്മ
തത്തിക്കളിക്കുന്ന - തത്തമ്മ
തക്കാളിചുണ്ടുള്ള - തത്തമ്മ
എന്റെ വീട്ടിലെ - തത്തമ്മ


**ആമിൻ**



# കാലം


ജനിക്കാൻ ഒരു കാലം
മരിക്കാൻ ഒരു കാലം
നടാൻ ഒരു കാലം
നട്ടത് പറിക്കാൻ ഒരു കാലം
തകർക്കാൻ ഒരു കാലം
പണിതുയർത്തൻ ഒരു കാലം
കരയാൻ ഒരു കാലം
ചിരിക്കാൻ ഒരു കാലം
കീറാൻ ഒരു കാലം
തുന്നാൻ ഒരു കാലം
സ്നേഹിക്കാൻ ഒരു കാലം
യുദ്ധത്തിന് ഒരു കാലം
സമാധാനത്തിന് ഒരു കാലം

***-അഫ്രിനാ കരീം***



# കടലിലെ കാഴ്ചകൾ

തിരകൾ ഉയരെ പൊങ്ങി–പൊങ്ങി
തിരകൾ പതഞ്ഞ് നീങ്ങി–നീങ്ങി
നിറയെ വെള്ളത്താൽഅകലെ
അലകൾ സാഗരമാകെ കവിഞ്ഞുപൊങ്ങി
നീർക്കാക്കകൾപറന്നുപൊങ്ങി
നീലത്താമരപോലാകാശവും
തിരകളിൽ താളത്തിൽ ആഴിനിറയെ
ചിപ്പുകൾ പലതും പതഞ്ഞുപൊങ്ങി.
കാറ്റിന്റെ ഗതി
വികതയിൽക്കൊപ്പം
ആടിയുലഞ്ഞു കപ്പലുകൾ
കടലിൽ തിരകളിൽ ഒഴുകിയും
പറന്നു
യാത്രികരെല്ലാരും മാഞ്ഞു–
നീങ്ങി



ഹരിത.എ.ബി



# ജീവിതമാകുന്നു സ്വപ്നം

നറുപുഷ്പമാണെൻ ജീവിതം
ആ ഇതളുകൾ വിരിയും
പോൽ എൻ ജീവിത-
സ്വപ്നം പൂവണിയുന്നു
ആ ഇതളുകൾ ചിരിക്കുമ്പോൾ
എൻ ജീവിതം സന്തോഷിക്കുന്നു
വണ്ടുകൾ പൂവിൽ ചേക്കേറും-
പോൽ ദുഃഖങ്ങൾ എന്നിൽ
അലയടിക്കുന്നു
എന്നിലുമെൻ സാന്ത്വനമായ
ഒരു തീക്കനൽ മറയും പോൽ
ഇതളുകൾ കൊഴിയുമ്പോ
എൻ ജീവിതത്തിനിതൾ കൊഴിയുംകല




***അർച്ചന മധു***

# മടിയൻ കാക്ക

ഒരിടത്ത് ഒരു കാക്കയുണ്ടായിരുന്നു. മഹാമടിനായിരുന്നു ആ കാക്ക. രാവിലെ ഉണർന്നപ്പോൾ മടിയൻ കാക്കയ്ക്കു പറന്നുപോയി ആഹാരം അന്വേഷിക്കാൻ മടി തോന്നി. മടിയൻ ചുറ്റും നോക്കി അപ്പോൾ അത അയൽ വീട്ടിലെ മാവിൽ ഒരു നല്ല കണ്ണിമാങ്ങ, കാക്കയ്ക്കു സന്തോഷമായി. മാങ്ങ പഴുത്തിട്ടില്ല. പക്ഷേ, അതു സാരമില്ല. പഴുക്കുന്നതുവരെ കാത്തിരിക്കാം അപ്പോൾ ഇരതേടി അലയാതെ കഴിയാമല്ലോ. അങ്ങനെ മാങ്ങയേയും നോക്കി തൂങ്ങിയിരിപ്പായ് . ആ മാവിൽ ഒരണ്ണാരകണ്ണൻ താമസിക്കുന്നുണ്ടായിരുന്നു. അവൻ കാക്കയോട് ചോദിച്ചു. "നീയെന്തിനാണിങ്ങനെ ഉറക്കം തൂങ്ങി നിൽക്കുന്നത്? ". അപ്പോൾ കാക്ക പറഞ്ഞു: "ഈ മാങ്ങ പഴുക്കുവാനായി ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയാണ്. " ഇതു കേട്ട അണ്ണാൻ പൊട്ടിച്ചിരിച്ചുകൊണ്ട് പറഞ്ഞു 'കാക്കേ, ഈ മാങ്ങ പഴക്കാൻ ഇനി കുറേ ദിവസം എടുക്കും അതുവരെ നീ മാങ്ങ പഴുക്കുന്നതും കാത്തു നിന്നാൽ നീ ചത്തുപ്പോവും ഇന്നത്തെ വിശപ്പകറ്റാൻ നീ ഇന്നു തന്നെ പ്രയത്നിക്കണം. പ്രാർത്ഥന മാത്രം പോര പ്രയത്നിക്കുകയും വേണം ." ഇതുകേട്ട കാക്ക നാണിച്ചുപ്പോയി പിനീട്ടുള്ള കാലം കാക്ക പ്രയത്നിച്ചു ജീവിക്കാൻ തുടങ്ങി.

ഫാരിത



# മഴയെന്തുമഴ...........

# മഴയെന്തുനാശം.....

മഴയൊന്നുനിന്നെക്കിൽ,മതിയായിവെള്ളം
വെയിലൊന്നുവന്നെക്കിൽ
!മുടിയട്ടെശൈത്വം
മഴയെന്തു
മോശം,മഴയെന്തുഹീനം !



മഴവന്നാൽ എനുടെ
വീടുമില്ല
മഴവന്നാൽ എനുടെ
സ്വപ്നം തകരുന്നു
വെറികൊണ്ടുനോറ്റോരു മനമെത്രകേണു !
മഴയോർത്തുനോറ്റോരു മനമെത്രകാത്തു
വെയിലിന്റെ കാലത്തു വെയിലെത്ര ശല്യം
മഴവന്ന കാലത്തുമഴയെത്രനാശം

ആമിൻ നൗറിൻ-



## പാഠം പഠിച്ചു

സമീറും അമീറും സഹോദരൻമാരായിരുന്നു. അറേബ്യയിലെ ഒരു ഗ്രാമത്തിലായിരുന്നു അവരുടെ താമസം. പിതാവിന്റെ കാലശേഷം അവർ തങ്ങളുടെ സമ്പാദ്യവുമായി മറ്റൊരിടത്തേക്ക് യാത്ര തിരിച്ചു. വഴിയിൽ എന്തൊക്കെ തടസ്സമുണ്ടായാലും സമ്പാദ്യത്തിൽ നിന്ന് ഒരു നാണയം പോലും എടുക്കരുതെന്ന് പിതാവ് അവരെ ഉപദേശിച്ചിരുന്നു. നടന്നു നടന്ന് കുറച്ചു ദൂരം ചെന്നപ്പോൾ ഇരുവരും ഒരു സത്രത്തിനു മുന്നിലെത്തി. തൊട്ടരികിൽ തന്നെ ഒരു കിണറുമുണ്ടായിരുന്നു. "ഇനി കുറച്ചു വെള്ളം കുടിച്ചിട്ടാവാം യാത്ര". സമീർ പറഞ്ഞു. കിണറിനടുത്തേക്ക് നടന്ന സമീറിനെ കണ്ട് അമീറിന് അതിശയമായി. "ചേട്ടനിതെവിടേക്കാ?" "കിണറിനടുത്തേക്ക് ....ഇത്തിരി വെള്ളം കുടിക്കാൻ "

"ഈ സത്രത്തിൽ ചെന്നാൽ നല്ല

സർബത്തു കിട്ടും !" അമീർ പറഞ്ഞു
"അതുവേണ്ട,അമീർ. ഇപ്പോൾ നമ്മുക്ക് ദാഹമകറ്റാൻ ഈ കി കിണറുവെള്ളം മതിയല്ലോ പിന്നെന്തിനാ പണം കൊടുത്ത് വല്ലതും വാങ്ങുന്നത്." സമീർ ചോദിച്ചു. സമീറിന്റെ ഉപദേശമൊന്നും കേൾക്കാതെ അമീർ സത്രത്തിൽ പോയി സർബത്തും കുറച്ച് ആഹാരവും കഴിച്ചു. സമീറാവട്ടെ കിണറ്റിൽ വെള്ളം കോരികുടിച്ച് കയ്യിൽ കരുതിയ ഈന്തപ്പഴം തിന്നു വിശപ്പടക്കി.


തുടർന്നുള്ള യാത്രയിലെല്ലാം ഓരോരോ സാധനങ്ങൾ വാങ്ങി അമീർ തന്റെ സമ്പാദ്യമെല്ലാം ധൂർത്തിടിച്ചുതീർത്തു.

വൈകാതെ ഇരുവരും പിതാവ് മുമ്പ് വാങ്ങി കൃഷിയിടത്തിലെത്തി അവിടെ കൃഷിയിറക്കി കഴിയാനായിരുന്നു അദ്ദേഹം അവരെ ഉപദേശിച്ചിരുന്നത്.

അമീർ തന്റെ കൈവശമുള്ള പണം കൊടുത്തു വിത്തും വളവും പണിയായുധങ്ങളും വാങ്ങി എന്നാൽ സമീറിനത് കണ്ടു

**നിൽക്കാനെ കഴിഞ്ഞുള്ളു അവന്റെ കയ്യിലെവിടെ പണം? ആവശ്യമില്ലാതെ പണം ചിലമാക്കിയതാണ് കുഴപ്പമായതെന്ന് അമീറിന് മനസ്സിലായി സമീർ അവന്റെ തെറ്റുകളെല്ലാം ക്ഷമിച്ചു തന്റെ ഒപ്പം കൃഷിയിറക്കാൻ അനുവാദവും നൽകി.**

**-സ്വാതി സാജൻ**




# അർത്ഥം -അനർത്ഥം

**അക്ഷരങ്ങൾ തെറ്റായി പറയുമ്പോഴും എഴുതുമ്പോഴു മുണ്ടാകുന്ന അനർത്ഥങ്ങൾ വളരെ വലുതാണ് അല്പം ശ്രദ്ധിച്ചാൽ നമുക്കത് ഒഴിവാക്കാം.**

| തെറ്റ് | | ശരി |
|---|---|---|
| തീഷ്ണം | – | തീക്ഷണം |
| ലഷ്മണൻ | – | ലക്ഷ്മണൻ |
| നിചലം | – | നിശ്ചലം |
| പെട്ടന്ന് | – | പെട്ടെന്ന് |
| ഇല്ലങ്കിൽ | – | ഇല്ലെങ്കിൽ |
| ഉത്ഘാടനം | – | ഉദ്ഘാടനം |
| പ്രശസ്ഥൻ | – | പ്രശസ്തൻ |
| തത്വം | – | തത്ത്വം |
| മഹത്വം | – | മഹത്ത്വം |
| ആചര്യം | – | ആശ്ചര്യം |
| ചിലവ് | – | ചെലവ് |
| അച്ചൻ | – | അച്ഛൻ |

***ഫാത്തിമ ഷിറിൻ***



## കടത്തുകാരനും കടുവയും

പഞ്ചമിപ്പുഴയിൽ ഒരു പാവം കടത്തുകാരനുണ്ടായിരുന്നു. സോമു എന്നായിരുന്നു അയാളുടെ പേര് തന്റെ കൊച്ചു തോണിൽ ആശക്കാരെ അക്കരെ കടത്തുമ്പോൾ അവർ എന്തെങ്കിലും കൊടുക്കും. അതുകൊണ്ടാണ് സോമു കഴിഞ്ഞുപോകുന്നത്. ഒരു ദിവസം പിഞ്ചു മാനിനെ ഒരു കടുവ ഓടിക്കുകയായിരുന്നു. അടുത്തെത്തി'തോണിക്കാ..., തോണിക്കാരാ.... എന്നെ വേഗം അക്കരെ കടത്താമോ അല്ലെങ്കിൽ ആ ദുഷ്ടൻ കടുവ എന്നെ പിടിച്ചുടികറുമുറ തിന്നും ! "സോമുവിന് മാനിന്റെ വെപ്രാളവും പേടിയും ഒക്കെ കണ്ടപ്പോൾ പാവം തോന്നി വേഗം തോണിയിൽ കേറിക്കൊ ഞാൻ ടപ്പോന്ന് അക്കരെ എത്തിക്കാം. സോമു പറഞ്ഞു മാൻ വേഗം തോണിയിൽ കയറി സോമു വേഗം വേഗം തോണി തുഴഞ്ഞു നീങ്ങി ഓടി വന്ന് കടുവച്ചാൽ ദൂരെ തോണിയിൽ മാനിനെ കണ്ടു. 'ഗർർ...." കടവുച്ചാൽ അലറി 'മാനിനെ രക്ഷപ്പെടുത്തിയ തോണിക്കാരൻ തിരിച്ചുവരട്ടെ ശരിപ്പെടുത്തും ഞാൻ .....ഗർർ...!"


കടവുച്ചാൽ അടുത്തുള്ള കുറ്റിക്കാട്ടിൽ ഒളിച്ചിരുന്നു ഇക്കാരം അറിയാതെ സോമു പിഞ്ചു മാനിനെ അക്കരെ കാട്ടിൽ വിട്ടിട്ട് തിരിച്ചു വന്നു. പെട്ടെന്ന് ഒളിച്ചിരുന്ന കടവുച്ചാൽ സോമുവിന്റെ മുന്നിലേക്ക് ഒറ്റച്ചാട്ടം ! എന്നിട്ട് അലറികൊണ്ട് പറഞ്ഞു ഗർർ..... വേഗം എന്നെ അക്കരെ കടത്ത് അല്ലെങ്കിൽ നിന്നെ ഞാൻ കറുമുറെ

തിന്നും! കടുവ അക്കരെചെന്നാൽ മാനിനെ ഇനിയും പിടികൂടുമെന്ന് സോമുവിനറിയാം പക്ഷേ രക്ഷപ്പെടണമെങ്കിൽ അനുസരിച്ചല്ലേ പറ്റൂ എന്നെ ഒന്നും ചെയ്യരുത്. കടുവച്ചാരെ ഞാൻ അക്കരെ കടത്താം സോമു പറഞ്ഞു. എന്നിട്ട് കടുവയേയും കൊണ്ട് അക്കരെയ്ക്കു തുഴഞ്ഞു പുഴയുടെ നടുക്കെത്തിയപ്പോൾ സോമു ചോദിച്ചു കടുവച്ചാരെ എന്തിന അക്കരയ്ക്കു പോകുന്നത്? 'ഹി..ഹി... ഞാൻ ആ മാനിനെ പിടിക്കാൻ പോവുകയാണ് 'കടുവ പറഞ്ഞു അപ്പോൾ യസോമുവിന് ഒരു ബുദ്ധി തോന്നി അയാൾ പറഞ്ഞു 'മാനിനെ ഞാൻ ഇവിടെയാ ഇറക്കിവിട്ടത്. മത്സ്യരാജാവിന്റെ കൊട്ടാരത്തിലേക്കാ മാൻ പോയത് " മണ്ടൻ കടുവ അത് വിശ്വസിച്ചു.

"ഹയ്യടാ ഇവിടെയിറങ്ങിയാൽ മാനിനേയും പിടിക്കാം മത്സ്യരാജാവിവേയും പിടികൂടാം 'ഇങ്ങനെ വിജാരിച്ച് കടുവച്ചാർ പറഞ്ഞു 'എങ്കിൽ ഞാൻ ഇവിടെ ഇറങ്ങിയേക്കാം "


കടുവച്ചാർ ബ്ലും എന്ന് വെള്ളത്തിലേക്ക് ചാടി പിന്നെത്തെ കഥ പറാനോ കടുവ വെള്ളത്തിൽ മുങ്ങിപൊങ്ങി....... വിഷമിച്ചു. തോണിക്കാര എന്നെ രക്ഷിക്കൂ...... ഞാനിപ്പം മുങ്ങി ചാവും..... ബുൾ ഗുൾ....... "ഹും ദുഷ്ടനായ നിന്നെ രക്ഷിക്കാൻ ഞാനില്ല. " സോമു തോണി തുഴഞ്ഞു പോയി. ദുഷ്ടൻ കടുവയോ! ദൂരേക്ക ദൂരേക്ക ഒഴുകിയൊഴുകിപ്പോയി.

*നെഹില.ടി.എൻ*



# ഒരിക്കലും വാടാത്ത പൂച്ചെണ്ട്

സ്നേഹ നൊമ്പരങ്ങൾ നിറഞ്ഞ കൂട്ടുകാരികളുടെ കഥയാണിത്. ഇവർ പത്താം ക്ലാസ്സ് വിദ്യാർത്ഥിനികളാണ്. ഒരേ ക്ലാസ്സിലാണ് ഇവർ പഠിക്കുന്നത്. ഇപ്പോൾ നിങ്ങൾ ചിന്തിക്കുന്നുണ്ടാകും ഈ കൂട്ടുകാരികൾ ആരൊക്കെയാണെന്ന്. എങ്കിൽ ആ ചിന്തയ്ക്ക് വിരാമം ഇടുകയാണ്. അമലയും, പത്മയുമാണവർ ഒരു ദിവസം ടീച്ചർമാർ കുട്ടികളെ കന്യകുമാരിയിൽ വിനോദയാത്രയ്ക്ക് കൊണ്ടുപോകാൻ തീരുമാനിച്ചു. പത്താംക്ലാസ്സിലെ അമ്പിളി ടീച്ചർ വിനോദയാത്രയ്ക്ക് പോകുവാൻ ആഗ്രഹിക്കുന്നവരുടെ എണ്ണമെടുത്തു. 500 രൂപയാണ് ഫീസ് പറഞ്ഞത്. അമല താൽപര്യം പ്രകടിപ്പിച്ചില്ല.അമല എഴുന്നേൽക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് ടീച്ചർ ചോദിച്ചപ്പോൾ അമല കരഞ്ഞു



കൊണ്ട് പറഞ്ഞു. വീട്ടിൽ പണമില്ല ടീച്ചർ . എങ്കിൽ പണം ഞാൻ തരാം കുട്ടി കരയാതിരിക്കു. ടീച്ചർ പറഞ്ഞു പിറ്റേ ദിവസം അമ്പിളി ടീച്ചർ അമലയുടെ വീട്ടിൽ പോയി. അമലയുടെ അമ്മയെ കണ്ട് സംസാരിച്ചു. പറഞ്ഞുവിടാൻ തനിക്കു സമ്മതമല്ലെന്ന് തറപ്പിച്ചു പറഞ്ഞു. ടീച്ചർ എന്നോടു ക്ഷമിക്കണം എന്റെ മോളെ ഞാനില്ലാതെ എവിടെയും പറഞ്ഞയച്ചിട്ടില്ല.  ടീച്ചർ പറഞ്ഞു ആരുപറഞ്ഞു അമല ഒറ്റയ്ക്കാണെന്ന് വിനോദയാത്രയ്ക്കക്ക് വരുന്നവരും ഞങ്ങളും ഉണ്ട്. അമലയുടെ വളരെ അടുത്ത കൂട്ടുകാരിയാണ് പത്മ. ഇവൾക്ക് അവളില്ലാതെ വരാൻ ഒരു ദുഃഖം. അതുകൊണ്ടാണ് ഞാൻ ഇവിടേക്ക് വന്നത്. വരൂ കുട്ടി നമ്മുക്കു പോകാം. ടീച്ചർ ഒന്നു നിൽക്കു ഞാൻ അമലയെ വീടാത്തത് വേറെ ഒന്നും കൊണ്ടല്ല. അത്.... അത്... പറയൂ. അമലയുടെ അച്ഛമൻ ഒരു കാർ ഡ്രൈവറായിരുന്നു ഒരു ദിവസം ഉചയ്ക്ക് വീട്ടിലേക്കു വരുന്ന വഴി അദ്ദേഹം

ലോറിയുടെ ഇടയിൽ പെട്ട്.... അമ്മ പൊട്ടിക്കരഞ്ഞു. ടീച്ചർ പറഞ്ഞു ഇതൊന്നും എനിക്ക് അറിയില്ലായിരുന്നു. എന്നോട് ക്ഷമിക്കണം ടീച്ചർ ഞാൻ അമലയെ  വിടാം. വേണ്ട ഞങ്ങൾക്കൊരു ഒരു പ്രശ്നവുമില്ല. എനിക്ക് നിങ്ങളുടെ ദുഃഖം മനസ്സിലാക്കാൻ പറ്റുന്നുണ്ട്. എങ്കിൽ ഞങ്ങൾ വരട്ടെ അമ്മേ. അമല പത്മയ്ക്ക് ആശംസകൾ നേർന്നു. പിറ്റേന്ന് അവർ എട്ടുമണിയോടെ വിനോദയാത്രയ്ക്കു പുറപ്പെട്ടു. പക്ഷെ വിധി അവർക്കെതിരായിരുന്നു. എത്തിയില്ല കുറച്ചുദൂരം കഴിഞ്ഞപ്പോൾ ബസ്സ് ഒരു കൊക്കയിലേക്കു മറിഞ്ഞു. ചിലർക്കു പരിക്കേറ്റു. മറ്റുചിലർ മരിച്ചു. അക്കൂട്ടത്തിൽ പത്മയുമുണ്ടായിരുന്നു. തന്റെ പ്രിയകൂട്ടുകാരി പത്മ മരിച്ചു എന്ന വാർത്ത ദുഃഖത്തോടെയാണ് അവൾ ഏറ്റുവാങ്ങിയത്. തന്റെ കൂട്ടുകാരിയുടെ നല്ല ഓർമകൾ അവൾ അനുസ്മരിച്ചു. അന്നേ ദിവസം തന്റെ ഡയറിയിൽ കൂട്ടുകാരിയെ കുറിച്ച് അമല ഇങ്ങനെ എഴുതി " ഒരിക്കലും

# വാടാത്ത പൂച്ചെണ്ടാണ് നീ എന്റെ മനസ്സിൽ"



-ശ്രീലക്ഷ്മി രാജ് പൈ

# വിദ്യാലയം

ആദ്യാക്ഷരങ്ങൾ തൻ വീണമീട്ടിയ പുണ്യ വിദ്യാലയം
അമ്മതൻ സ്നേഹം  തന്ന അമൃത
മണിയിക്കുന്ന സ്നേഹ വിദ്യാലയം
കർമ്മ പാതയിൽ നടത്തി
പിച്ചവെപ്പിക്കുമെന്റെ വിദ്യാലയം
സത്യപാതയിൽ നയിക്കുന്ന
പനി നീരാണെന്റെ വിദ്യാലയം
അങ്ങനെയുള്ളൊരു വിദ്യാലയത്തെ
അങ്ങനെയുള്ളൊരു വിദ്യാലയത്തെ
നമിക്കുന്ന ഞാനെന്നും നമിക്കുന്നു



അലീന



# വായന

*വായന ഒരു വ്യക്തിയുടെ വ്യക്തിത്വ രൂപികരണത്തിന് സഹായിക്കുന്നു. ചിന്തകളിലും, വ്യവഹാര രീതികളിലും പെരുമാറ്റരീതിയിലും ഒരാൾ പുലർത്തുന്ന സവിശേഷതകളെയാണ് വ്യക്തിത്വം എന്ന പദം കൊണ്ട് സൂചിപ്പിക്കുന്നത്. വായിക്കുക വഴി നമ്മുടെ ചിന്തയിലും ജീവിതരീതിയിലും നല്ലൊരു നിലവാരം പുലർത്താൻ സാധിക്കും. വ്യക്തിത്വ രൂപികരണത്തിനു മാത്രമല്ല, നമ്മുടെ ഏതു ജീവിതസാഹചര്യത്തിലും വായന ഒരു മുതൽ കൂട്ടാണ് . ചില മുതൽ കുട്ടുകൾ നമ്മെ വെളിച്ചത്തിലേക്ക് നയിക്കുന്നു. വായന ആത്മവിശ്വാസവും,ആനന്ദവും നൽകുന്നു എന്ന വസ്തുത വായനക്കാരന് അനുഭവ വേദ്യമാണ്. ഒരു പരിധിവരെ വായന നമ്മുടെ ഭാവി നിർണ്ണയിക്കുന്നു. എത്രയോ മഹാന്മാർ വായനയിലൂടെ നേട്ടം കൈവരിച്ചിരിക്കുന്നു. അറിവാണ് എല്ലാ നേട്ടങ്ങളുടെയും അടിസ്ഥാനം. ആ അറിവ് ആർജ്ജിക്കണമെങ്കിൽ വായനക്ക് നാം വേണ്ടത്ര പ്രാധാന്യം നൽകണം. വായിക്കുന്നത് കഥയോ,കവിതയോ നോവലോ എന്തുമായിക്കൊള്ളട്ടെ അവയെല്ലാം നമ്മുക്ക് തുറന്നു തരുന്നത് അറിവിന്റെ ഒരായിരം അക്ഷയഖനികളാണ്. നാം വായിക്കുമ്പോൾ അതിലെ ഓരോവാക്കും സംസാരിക്കുന്നത് കണ്ണിനോടും, കാതിനോടുമല്ല മറിച്ച് മനുഷ്യഹൃദയങ്ങളോടും വികാരങ്ങളോടും ആണ് സംസാരിക്കുന്നത്. വായനക്കാരൻ*


*ഈ വസ്തുത അറിഞ്ഞിരിക്കണം . എന്നാൽ മാത്രമേ വായന പരിപൂർണ്ണമാവുകയുള്ളൂ. വായന ഒരുസസ്യത്തെപ്പോലെയാണ് വളരാൻ അനനുവദിച്ചാൽ മാത്രമേ അറിവാകുന്ന ഫലം നമ്മിൽ ഫലമണിയുകയുള്ളൂ.*

*ആദിത്യ.പി.എസ്*



# ഗുരുവന്ദനം

വിദ്യതൻ മഹാപേടകം
നമ്മൾക്കായ് തുറന്നുതന്ന്
വിജ്ഞാനത്തിൽ അനന്തപാതയിൽ
വഴിക്കാട്ടിയായി വന്ന്,
വിദ്യാലയത്തിൽ മറ്റൊരമ്മയായ്
വിവേകബുദ്ധി പകർന്നുതന്ന്
മനുഷ്യനായി വളർത്തി
വിശാല മനസ്സിന് ഉടമയായി
വിളങ്ങിടും എൻ ഗുരുവിന്
വന്ദനം,
വന്ദനം ,
വന്ദനം



–സുൽത്താന ബഷീർ

## സ്വപ്ന ചിറകുകൾ

'ഹാപ്പി ക്രിസ്മസ്, മൈഡിയർ നീന." പപ്പയുടെ ആശംസകാർഡ് തുറന്നു നോക്കി. അവൾ നെടുവീർപ്പിട്ടു. അവൾ തന്റെ മുറിയിലേക്കു നീങ്ങി, പതുക്കെ തന്റെ കിടക്കയിൽ മുഖമമർത്തി കിടന്നു. തന്റെ കൊച്ചു ജീവിത്തതിലുണ്ടായ പല കാര്യങ്ങളും അപ്പോൾ അവളുടെ മനസ്സിലൂടെ പതിയേ കടന്നുപോയി. ഇതിനിടയിലെപ്പോഴൊ അവൾ ഉറക്കത്തിലേയ്ക്ക് മയങ്ങി വീണു.

പുറത്ത് കാറിന്റെ ശബ്ദം കേട്ട അവൾ ഉണർന്നു. എഴുന്നേറ്റ് ചെന്നവൾ വാതിൽ പതിയെ തുറന്നു നോക്കി. അവളുടെ മനസ്സ് ആഹ്ലാദ കുതിപ്പോടെ ഉയർത്തെഴുന്നേറ്റു. കൈനിറയെ സമ്മാനങ്ങളുടെ പൊതികളുമായി നിൽക്കുന്ന തന്റെ പപ്പയെ കണ്ട അവൾക്ക് വിശ്യസിക്കാൻ കഴിഞ്ഞില്ല. നീന വിളിച്ചു. 'പപ്പ, എന്റെ പപ്പ, എത്രനാളായി കണ്ടിട്ട്. ഒരിക്കലെങ്കിലും എന്നെ കാണാൻ ഈ വഴി വരാമായിരുന്നില്ലേ ?" അയാൾ അവളെ വിളിച്ചു. 'നീന, എന്റെ പൊന്നു മോളെ " അവൾ തന്റെ പപ്പയുടെ അടുത്തേക്ക് കുതിച്ചു. ഓടി ചെന്ന് കെട്ടിപിടിച്ചു. ഒരുപാടുകരഞ്ഞു. അവൾ തന്റെ സങ്കടങ്ങളും. വേദനകളുമെല്ലാം ആ നിമിഷം കൊണ്ടു തന്നെ കരഞ്ഞു തീർത്തു. അയാൾ അവളെ തലോടിക്കൊണ്ട് സാന്ത്വനിപ്പിച്ചു. അവൾക്കാശ്വാസമായി. അവൾ പറഞ്ഞു പപ്പാ ഇന്ന് നമുക്കൊരുമിച്ച് പാതിരാ

*കുർബാനയ്ക്ക് പോകണം. ഇത്രയും നാൾ ഞാൻ എന്റെ മനസിലടക്കിപ്പിടിച്ച ദുഃഖങ്ങളെല്ലാം പെയ്തൊഴിയണം. അവൾ ഒരു കൊച്ചു കുട്ടിയേപ്പോലെ അയാളുടെ മാറിൽ ചേർന്നു കിടന്നു പറഞ്ഞു.*

*പെട്ടെന്ന് അവൾ ഞെട്ടിയുണർന്നു. അവൾ തിരഞ്ഞു നീന എന്നു വിളിച്ച് തന്റെ അരുകിൽ നിന്ന പപ്പയെ കാണുന്നില്ല, സമ്മാന പൊതികൾ കാണുന്നില്ല. അവൾക്കു മനസ്സിലായി താൻ കണ്ടതൊരു സ്വപ്നമായിരുന്നു. അവൾ പൊട്ടിക്കരഞ്ഞു.*

*കുറേ സമയം അവൾ ആ കട്ടിലിൽ കിടന്നു. എന്നിട്ട് ഒരു കളിപ്പാവയെപ്പോലെ ജനലിനടുത്തേക്ക് ചെന്നു. ഇളം കാറ്റ് അവളുടെ കവിളിൽ തൊട്ടു കടന്നു പോയി തിരുമുറ്റത്തെത്തി. തന്റെ തറവാട്, അവിടെ അമ്മ, പപ്പ, അമ്മുമ്മ, വല്യപ്പായി, വല്യമ്മിച്ചി, നിജിമോൻ, അമ്മുക്കുട്ടി, ലീലാമ്മ എല്ലാവരുമുണ്ട്. ജോസച്ചനും, ജോസച്ചന്റെ വീട്ടിലെ അമ്മായിയും, മക്കളും ഒക്കെ വൈകിട്ടെത്തും. എല്ലാവരുമുണ്ട്, എല്ലാവരും കൂടി ആ ക്രിസ്മസ്സ് ഒരാഘോഷമാക്കാനായി ഒരുങ്ങി നില്ക്കുന്നു. പുൽക്കൂടും, ക്രിസ്മസ് ട്രീയും ഒരുക്കി , നക്ഷത്രവും, പലൂണുകളും, തൂക്കി. ആഹ്ലാദിച്ച് വീടും അലങ്കരിച്ചു, ഒരുമിച്ചാഹാരമുണ്ടാക്കി, ഹാ!*

*എന്തു സന്തോഷമായിരുന്നു അന്നേരം. വൈകിട്ട് ജോസച്ചും കുടുംബവും എത്തിയപ്പോഴും സന്തോഷമിരട്ടിച്ചു എന്നു വേണം പറയാൻ. പിറ്റേന്ന്, ഡിസംബർ 25-ാം തിയതി രാത്രി 11.30 ന് പള്ളിയിൽ*


*പാതിരാത്രിയിൽ കുർബാനയ്ക്ക് പോണം. എല്ലാവർക്കും ഒരു വണ്ടിയിൽ പോകാൻ പറ്റാത്തതിനാലായിരുന്നിരിക്കണം വടക്കേലേ കുഞ്ഞാമ്പുചോട്ടന്റെ രണ്ട് ഓട്ടോ കൂടി വിളിച്ചത്. പെട്ടെന്ന് പപ്പയ്ക്ക് ഒരു ഫോൺ വന്നു. തിരക്കിട്ട് പ്പ്പ കാറിൽ കയറിപ്പോയി. എല്ലാവരും പപ്പയെ കൂട്ടാതെ പള്ളിയിൽ പോയി. അത് എല്ലാവരും ഒന്നിച്ചുള്ള അവസാന യാത്രയായിരുന്നു. പോയ വഴിക്ക് ഒരു പാണ്ടി ലോറി ഇടിച്ചു..... ആ അപകടത്തിൽ നിന്ന് അവൾ മാത്രം രക്ഷപ്പെട്ടു.*

*അവൾ ചിന്തയിൽ നിന്നുണർന്നു. തന്റെ മനസ്സിനോടവൾ ചോദിച്ചു. ''എന്തിന്? എന്തിനാണ് അന്ന് താൻ മാത്രം രക്ഷപ്പെട്ടത്. ഒറ്റയ്ക്കീ ജന്മം ജീവിച്ച് തീർക്കാനോ, അതോ ആ വലിയ ദുരന്തത്തിന്റെ ഓർമ്മയ്ക്കായി നിലനിൽക്കാനോ?'' എന്തോ അവൾക്കതിനുത്തരം കിട്ടിയില്ല.*

*മനസ്സിനുള്ളിൽ കിടന്ന് ചോദ്യങ്ങൾ അഗ്നി പർവ്വതം പോലെ നീറി പുകഞ്ഞു. അവൾ തന്റെ മേശയിൽ ചാഞ്ഞു കിടന്നു. ചോദ്യം, ചോദ്യങ്ങളായി. എന്തിനാ ആർക്കും വേണ്ടാതെ ഈ ജീവിതം ജീവിച്ചു തീർക്കുന്നത്? എന്തുകൊണ്ടിനിയും പപ്പയുടെ വർഷത്തിലൊരിക്കലുള്ള ക്രിസ്മസ് കാർഡിനും, മാസം മാസം കിട്ടുന്ന മണിയോഡറുകൾക്കും വേണ്ടി താൻ ജീവിച്ചിരിക്കണം. എന്തോ തീരുമാനിച്ചുറപ്പിച്ചപോലെ അവൾ എഴുന്നേറ്റു. തന്റെ അമ്മയുടെയും, അമ്മുമ്മയുടെയും,*

***നിജി കുട്ടന്റേയുമൊക്കെ ലോകത്തേക്കു പോകാൻ അവൾ തീരുമാനിച്ചു. ഒരു നിമിഷം കഴിഞ്ഞപ്പോൾ ഒരു കാറിന്റെ ശബ്ദം . അവൾ ചെന്ന് വാതിൽ തുറന്നു നോക്കി. അതിശയിച്ചു പോയി. ആ കാഴ്ച സ്വപ്നമോ, യാഥാർത്ഥ്യമോ, അവൾ സംശയിച്ചു. തന്റെ മുന്നിൽ നിൽക്കുന്ന പപ്പയെ കണ്ടവൾ അദ്ഭുതത്തോടെയോ? ദുഃഖത്തോടെയോ? കരഞ്ഞു ? അയാൾ അവളെ സ്നേഹസന്തോഷങ്ങളോടെ പുണർന്നു. മോളെ നീനേ, പപ്പയുടെ ചിന്നു. ആ വിളിയിലവൾ ലയിച്ചു. തന്റെ സ്വപ്നങ്ങൾക്ക് ഒരു ചിറക് മുളച്ചെന്ന് അവൾ മനസ്സിലാക്കി. താൻ തന്റെ പപ്പയ്ക്കുവേണ്ടി ജീവിക്കണമെന്ന് അവളുടെ ചോദ്യങ്ങൾക്ക് ഉത്തരമായി കണ്ടെത്തി.***

***ഫസ്ന.കെ.എ***



# സുപ്രഭാതം


മഞ്ഞിൽ വിരിയുന്ന സൗഹൃദം പോലെ
പൊട്ടിവിരിയുന്ന സുപ്രഭാതം
കുഞ്ഞു മനസ്സുകൾക്കാനന്ദമേകുന്ന-
കുയിലിന്റെ പഞ്ചമ നവ
സംഗീതം



മാനവർ ളുകുന്ന
മന്ദഹാസം പോലെ
പർവതം ചൂടുന്ന ഹിമ
പുഞ്ചിരി
അരുവിയൊഴുകുന്ന താളത്തിനൊത്തല്ലോ-
കിളികൾ തൻ കാഹള നാദം തന്നേ

കുന്നിൻ നിരയിൽ നിന്നൊഴുകിവരുന്നു.
പൂപാലരുവി മയിൽ പോലെ നൃത്തമാടീ
ആനന്ദം, സൗഹൃദം, സഹോദര്യം എന്നും-
ഈ കൊച്ചു ഭ്രുവിൽ വിരിഞ്ഞിടുന്നു

-സ്നേഹ സന്തോഷ്



# സ്നേഹം

സ്നേഹമെ എൻ സ്നേഹമെ
അരുവി പോൽ നീ ഒഴുകുകിൽ
ഞാനുമെൻ ഹൃദയവും
കാത്തിരിപ്പായ് നിനക്കായ് ഞാൻ
സ്നേഹമെ നീ പ്രാവുപോലായ്
പാറി പാറി പോകുകിൽ
തുടിക്കുമെൻ ഹൃദയം നീ കാണുമോ

സ്നേഹമേ

റോസപ്പൂവിൻ ഇതള്ള പോൽ
സൗഹൃദം കൊഴിയു മോ?
സ്നേഹമെ നീ എൻ ചാരെ
പൂക്കളായ് വിടരുമോ?
സ്നേഹമെ നിൻ മലരുകൾ
നിന്നിൽ നിന്ന് ഏകുമോ
പ്രാവുപോൽ കുറുകുമോ
പ്രാവുപോൽ പറക്കുമോ
സ്നേഹമെ എൻ സ്നേഹമെ
കുട്ടിനായ് നീ കൂടുമോ?

***-എലൈന***



## മാറുന്ന അമ്മമലയാളം

നമ്മുടെ മാതൃഭാഷയാണ് മലയാണം. നമ്മുടെ മാതൃഭാഷയെക്കുറിച്ച് നമുക്ക് അഭിമാനിക്കാവുന്നതാണ് കാരണം ലോകത്തിൽ വച്ചുതന്നെ വളരെ പ്രധാന്യമർഹിക്കുന്ന ഭാഷയാണ് മലയാളം എന്നാൽ നാം മലയാളികൾ ഈ അമ്മമലയാളത്തിന് വല്ല പ്രധാന്യവും കൽപ്പിക്കുന്നുണ്ടോ?

ജനിച്ചുവീഴുന്ന കുഞ്ഞിനുപോലും മലയാള ഭാഷയ്ക്കപ്പുറം മറ്റുഭാഷകൾ ഉരുവിട്ട്കൊടുക്കുന്ന അവസ്ഥയാണ് കാണുവാൻ സാധിക്കുക. ഇപ്പോൾ മലയാളം സംസാരിക്കുന്നത് ഒരു നാണക്കേടായിട്ടാണ് കേരളത്തിലെ 80% മനുഷ്യരും ചിന്തിക്കുന്നത്. വിദ്യാലയങ്ങളിൽ പോലും ഇപ്പോൾ മലയാളം നിരോധിച്ചിരിക്കുകയാണ്. എന്തെങ്കിലും കുഞ്ഞുങ്ങൾ സ്വന്തം അമ്മയെ മറക്കുമോ? ഇല്ല. എന്നാൽ അമ്മമലയാളത്തെ എല്ലാവരും മറന്നുകൊണ്ടിരിക്കുകയാണ്. ഈ അവസ്ഥ തുടർന്നുപോയാൽ ചിലപ്പോൾ അമ്മമലയാളം മരിച്ച് പോകുമായിരിക്കും.


ഈ അവസ്ഥനിയന്ത്രിക്കാൻ മലയാള ഭാഷപഠനങ്ങളിലും മലയാളവായനയിലും പ്രധാന്യം നൽകിയാൽ നമ്മുടെ അമ്മമലയാളത്തെ ലോകാവസാനം വരെ കാണാം. അല്ലെങ്കിൽ ഒന്ന് ചിന്തിക്കൂ......?

മലയാളം അ,ആ,ഇ, എഴുത്തച്ഛൻ


അമ്മ

ഈ

*-ഫസ്ന .കെ .എ*



# ബാല്യകാലത്തിലെ പുതുമഴ



ഇറ്റിറ്റും വിഴും മഴത്തുള്ളികൾ എന്റെ
മനസ്സിന്റെ താളമാണ്
വേനലിൽ വരണ്ടുണങ്ങിയ
അന്തരീക്ഷത്തിലേക്ക്
ആശ്വാസത്തിന്റെ
താലോടലമായി ഇടിയും മിന്നലും
പോക്കാച്ചി തവളയുടെ കരച്ചിലും
പുതുമണ്ണിന്റെ ഗന്ധവും
എന്നെ ബാല്യകാലത്തിലേക്ക് നയിക്കുന്നു.
പണ്ട് നിദ്രകൾ എന്നിൽ നിന്നകന്ന
രാത്രികളിൽ ആശ്വാസത്തിന്റെ
തലോടലുമായി പുതുമഴ
വഴുകുന്ന പാടവരമ്പിലൂടെ ചൂടി
പള്ളിക്കൂടത്തിലേക്ക് നടന്നു പോയ എന്റെ
ബാല്യകാലം ഇനി തിരികെ കിട്ടുമോ? ആ
നല്ല ബാല്യകാലം, ഇല്ല!
കഴിഞ്ഞു പോയ ആ നല്ല കാലം
ഇന്നും ഒരു വേദനയായി എന്നിൽ

ഫർസാന മോൾ



# ജലം



നിറവും ഇല്ല ആക്രിതിയും ഇല്ല
ഞാനില്ലെങ്കിൽ മനുഷ്യരുമില്ല
സന്തോഷത്തിലും ഞാൻ ദുഃഖത്തിലും ഞാൻ
മണ്ണിലും ഞാൻ ആകാശത്തിലും ഞാൻ
ചിലരെന്നെ സംരക്ഷിക്കുന്നു പലരെന്നെ പാഴാക്കുന്നു
എന്നാൽ പ്രകൃതി ശുദ്ധമാകുന്നു
മനുഷ്യരുടെ മനസ്സും കുളിർമയടയുന്നു
നീരാവിയായി,പനിമലരായി പ്രകൃതിയെങ്ങും
പാറിക്കിടക്കും എന്നെ സംരക്ഷിക്കുവാൻ
ഭൂമിയിൽ നിന്നും ഒരു കരമെങ്കിലും ഉയരുമെന്ന
*പ്രതീക്ഷയോടെ ഞാൻ ജലം*

***സുൽത്താന എൻ എൻ***



## ഉദ്ധരണികൾ

അറിവില്ലായ്മ സ്വയം അംഗീകരിക്കാത്തവനെ വെറുതെ വിടുക,തന്റെ അജ്ഞതയെപ്പറ്റി ബോധവാനായവന് വിശുദ്ധമായ വിദ്യ നൽകി വളർത്താം.

–ശ്രീബുദ്ധൻ

അവനവൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങളുടെ ഫലം അവനവൻ തന്നെ അനുഭവിക്കാം.

–എഴുത്തച്ഛൻ

എത്ര ന്യായമായ കാര്യത്തിനായാലും അക്രമത്തിന്റെ മാർഗം ഉപയോഗിക്കുന്നതിന് ഞാൻ എതിരാണ്.

–മഹാത്മാഗാന്ധി

നാം കർമ്മം ചെയ്യുന്നത് ഒരു യജമാനനെപോലെയായിരിക്കണം.

–സ്വാമി വിവേകാനന്ദൻ

ഒരു സ്ത്രീയും സ്വന്തം പാതിവ്രത്യം കാഴ്ചവെച്ച് ആരോടും കടപ്പാട് നിർവഹിക്കരുത്,ഒരു രാജ്യവും അഭിമാനം കാഴ്ചവെച്ച് കടമ നിർവഹിക്കരുത്.

–ഡോ.അംബേദ്കർ

അറിവില്ലായ്മ ഈശ്വരന്റെ ശാപമാണ്, അറിവാകട്ടെ സ്വർഗത്തിലെത്താനുള്ള ചിറകുമാണ്.

–ഷേക്സ്പിയർ

എല്ലാ ബന്ധനങ്ങളിൽ നിന്നും മനുഷ്യനെ മോചിപ്പിക്കുന്നതും പരമസത്യം കണ്ടെത്താൻ പ്രാപ്തനാക്കുകയും ചെയ്യുന്നതാണ് വിദ്യാഭ്യാസം.

-ടാഗോർ

☆ അവനവൻ ആത്മസുഖത്തിനായി ചെയ്യുന്ന കാര്യങ്ങൾ മറ്റുള്ളവരുടെ സുഖത്തിന് ഉപകരിക്കണം.


-ശ്രീ നാരായണഗുരു

-ദിയ



# യാത്രാമൊഴി

പകലുകൾ ഒക്കെയും മരിച്ചുവീഴുന്നു
സ്വപ്നങ്ങളൊക്കെയും യാത്ര ചൊല്ലി
ചിത്രങ്ങളിലത്രയും വിക്രതമായി
ഒരു ചെറുകാറ്റിൽ
നിലവിളക്കിൻതിരി
ചാഞ്ഞു ചെരിഞ്ഞു
പിടഞ്ഞുവീണു
പകലുകൾ വല്ലാതെ ഭാരമായി
ആരുടെയോ പിൻവിളി കാതിൽ മുഴങ്ങുന്നു
യാത്രക്കുപറ്റിയ ശകുനമല്ലന്നമ്മ
പിന്നെയും ഞാനെന്റെ സന്ധ്യയെ തേടുന്നു
ശില്പങ്ങൾ വാർക്കുവാൻ സ്വപ്നങ്ങൾ തേടുന്നു





***അമൃത സി . എസ്***



# എന്റെ പൂന്തോട്ടം

**മുക്കറ്റിപ്പൂ മഞ്ഞനിറം**
**പച്ചനിറത്തിൽ തണ്ടിലകൾ**
**കണ്ട് നിൽക്കുവാൻ**
**എന്തു രസം**
**എന്നുടെ**
**സ്വന്തം പൂന്തോട്ടം**
**വരുണനുദിക്കും**
**നേരത്ത്**
**പുഞ്ചിരിയോടെ ചെത്തിപ്പൂ**
**വെള്ള വർണ്ണത്താൽ ശോഭിക്കുന്നു**
***മുല്ലപ്പൂവിതാ ശോഭിക്കുന്നു***






*സുൽത്താന ബഷീർ*

# പൊന്നോണം

**ഓണം വന്നോണം വന്നോണം വന്നേയ്**
**കേരള നാടിൻ തിരുവോണം**
**അത്തം പത്തിന് തിരുവോണം**
**കേരള നാടിൻ തിരുവോണം**
**ഓണക്കോടിയുടുത്തു ഞാൻ**
**ഓണപ്പൂക്കളമെഴുതി ഞാൻ**
**ഓണത്തപ്പൻ വരുമല്ലോ**
**ഓണപായസമുണ്ണാനായ്**
**ഓണക്കളികൾ കളിക്കും**
**ഞങ്ങൾ**
**ഓണപാട്ടുകൾ പാടീടും**
**ഓണം വന്നോണം വന്നോണം**
**വന്നേയ്**
***കേരള നാടിൻ***






***ശ്രീലക്ഷ്മി രാജ് പൈ***

# നീയാണോ

ആരോടും മിണ്ടിയില്ല.......
ആരേയും കാണുന്നില്ല.....
ഏതോ നിഴലുകൾ......
നിധിയായി
പൂജിച്ചുകൊണ്ടിരിക്കുന്ന
കവിളിൽ നിറയുന്ന
മിഴികളല്ലേ
പുഞ്ചിരി തൂകുന്ന
നിലാവണിഞ്ഞിരിക്കുന്ന
മാറത്തെ..... ചൊല്ലേ.....
പൊന്നിൻ തിളക്കത്തിൽ കുളിച്ച
മഞ്ഞപ്പട്ടുപോലവൾ മേനി.......
വർണ്ണനകൾ എന്നെ കൊല്ലുന്നുണ്ടോ.......?
ഇല്ലേ...നാളയ്ക്കുവേണ്ടി ഇല്ലേ.
ഇന്നത്തെ നിലനിൽപ്പിനുവേണ്ടി
ആ നിഴലിനെ പൂജിക്കുന്നതെന്തോ....?
നിഴൽ നിധിയായപ്പോൾ അവൾ അതിനെ
കണ്ടു.....
നിധി കടലായി മാറിയപ്പോൾ അതിന്റെ



**അലകൾ അവൾ കേട്ടു......**
**ആ അലകളിൽ അവളുടെ നിധി ഒഴുകിപ്പോയി......**
**നിഴൽ ആണ്ടുപ്പോയി**
**തിരമാലകൾ ഉയർന്നു ഉയർന്നു പൊങ്ങി.......**



**അഫ്രീന**

## *പഴഞ്ചൊല്ല-വ്യാഖ്യാനം*

**'അറിയാത്തവന് അടുക്കള ആറുകാതം'**

വിവരമില്ലാത്തവർക്കു തൊട്ടടുത്തുള്ള സ്ഥലം വളരെ ദൂരെയാണെന്നുതോന്നും നിസാരമായകാര്യം പോലും വളരെ  ദുഷ്ക്കരമായി മാത്രമേ അവർ കാണുമെന്നും സാരമുണ്ട്.

**'ചൊല്ലിക്കൊട്,നുള്ളിക്കൊട്,തല്ലിക്കൊട്,തള്ളിക്കള'**

കുട്ടികളായാലും വലിയവരായാലും നന്നാക്കാൻ
ആദ്യം നല്ല വാക്കുകൾ പറഞ്ഞു കൊടുക്കാം.ചെറിയ തോതിൽ ശിക്ഷുച്ച നോക്കാം ശാസിച്ച് നോക്കാം എന്നിട്ടും നന്നായില്ലെങ്കിൽ അവൻ അവന്റെ വഴിക്കുപോകട്ടെ ഭാഗ്യമുണ്ടെങ്കിൽ നന്നായി വരും.

**'വെന്തതിന്റെ പുറത്ത് വെളിച്ചെണ്ണ ഒഴിച്ചാലോ'**

ഒരാവശ്യവും ഇല്ലാതെ ചെയ്യുന്ന പ്രവർത്തനങ്ങളെ പറ്റിയുള്ള പഴഞ്ചൊല്ലാണിത്.

ദൃശ്യ ദിലീപ്



# ➔ ഗാന്ധി സൂക്തങ്ങൾ

- ➔ നീതി ചോദിക്കുന്നവർ നീതി ചെയ്യണം.
- ➔ പ്രതിഫലത്തിനുവേണ്ടി മാത്രം ജോലി ചെയ്യുന്ന സ്ഥലത്ത് ജോലിക്കാർ മന്ദബുദ്ധികളും ഉദാസീനരുമായിത്തീരും
- ➔ ഹൈന്ദവതത്ത്വസംഹിത നിർവ്വഹിക്കാമോ എന്ന് ആരെങ്കിലും ചോദിച്ചാൽ ഞാൻ പറയും അഹിംസാനിഷ്ഠമായ മാർഗത്തിലൂടെയുള്ള സത്യാന്വേഷണം എന്ന്.
- ➔ അവകാശങ്ങളുടെ യഥാർത്ഥ ഉറവിടം കടമയാണ് കടമകൾ നാം ഭംഗിയായി ചെയ്യുന്നുവെങ്കിൽ അവകാശങ്ങൾ എപ്പോഴും കൈയെത്തുന്ന ദൂരത്തുതന്നെയുണ്ടാകാം
- ➔ സ്വാർത്ഥ സ്പർശം തെല്ലുമില്ലാത്ത സേവനം തന്നെയാണ് മഹത്തായ മതം
- ➔ അവിരാമവും നിസ്വാർത്ഥവുമായ കർമ്മമാണ് ശരിയായ പ്രാർത്ഥ.
- ➔ ശുചിത്വം ദൈവികതയോട് ഏറ്റവും അടുത്ത കാര്യമാണ് മനസ്സും ശരീരവും ഒരുപോലെ ശുദ്ധമാക്കിയാലെ നമ്മുക്ക് ദൈവാനുഗ്രഹം ലഭിക്കുകയുള്ളൂ
- ➔ ഈശ്വരനെ എത്രയോ വിധത്തിൽ വർണിക്കാം എന്നാൽ എന്റെ ആവശ്യത്തിന് ഞാൻ സ്വീകരിച്ചിട്ടുള്ള പ്രമാണം ഒന്നേയുള്ളൂ- സത്യമാണ് ഈശ്വരന്
- ➔ *ഒരു സാധനം നല്ലതായാൽ പരസ്യങ്ങളുടെ ആവശ്യമില്ല*

*അഫ്രിൻ*



# ഒരവധിക്കാലം

ആ വീട് എനക്കൊരു വിസ്മയമായിരുന്നു. വിശാലമായ തൊടിയിൽ ഓടിട്ട പതിഞ്ഞ രണ്ട് വീടുകൾ. ഒരു വീട് പ്രധാന വീടിന്റെ തെക്കിനിയാണ്. ഗൃഹനാഥനുമാത്രം ഉപയോഗിക്കാനായി പ്രത്യേകം പണികയിപ്പിച്ചത്. എപ്പൊചെന്നാലും നല്ലും വൈക്കോലും മുറ്റത്തുണ്ടാകും. വർഷത്തിൽ മൂന്ന് പ്രാവശ്യം കൃഷിയിറക്കുന്ന സമ്പ്രദായമാമ് അവിടെ. ചിലപ്പോൾ കൃഷി എള്ളായിരിക്കും;അല്ലെങ്കിൽ പച്ചക്കറികൾ. ഏകദേശം അഞ്ചോ ആറോ വയസ്സുള്ളപ്പോൾ മുതൽ വേനൽ അവധിക്കാലം ചിലവിടാന് ഞാൻ അമ്മ

വീട്ടിൽ എത്താറുണ്ട്. സ്കൂൾ
അടച്ചുകഴിഞ്ഞാൽ പിറ്റേ ദിവസം മൂന്ന്
അമ്മാവൻമാരിൽ ഒരാൾ എത്തും എന്നെ
കൊണ്ടു പോകാൻ. പിന്നെ കുറച്ചു നാൾ
ആ വീട്ടിലെ എല്ലാവരുടേയും
ശ്രദ്ധാക്രേന്ദം ഞാനായിരിക്കും എന്നെ
സംബന്ധിച്ച് സുരക്ഷിതമായൊരു
നിബിഡവനത്തിൽ പാർക്കുന്ന
കാനനവാസി അനുഭവം. രാവിലെ മുതൽ
തുടങ്ങുന്ന പലതരം കിളികളുടെ
സംഗീതക്കച്ചേരി രാത്രി ഏതാണ്ട് തച്ചൻ
കോഴിയുടെ കൂകലോടെ അവസാനിക്കും.
അമ്മുമയുടെ കൂടെ കിടക്കാനാണ് എനിക്ക്
ഇഷ്ടം. എങ്കാനും രാത്രി ഉറക്കം
വന്നില്ലെങ്കിൽ കൂമന്റെ മൂളലും

പൂച്ചകളുടെ കടിപിടിയും കൂടി
കേൾക്കണം
.കൊച്ചേട്ടത്തി
,പുത്താക്കിരി
,മണ്ണാത്തിപ്പുളള്,ഓലവാലൻ,കുളകോഴി
ഇങ്ങനെ പേരറിയുന്നതും
അറിയാത്തതുമായ അനവധി
പക്ഷികൾ അവിടെയുണ്ട്.പറമ്പിന്റെ ഒരു
കോണിൽ വലിയൊരു ചന്ദ്രക്കാരൻ മാവ്
ഉണ്ടായിരുന്നു.ജൈവവൈവിധ്യത്തിന്റെ
ഒരു കലവറ തന്നെ.വീട്ടിലേക്ക്
ആവശ്യമുളളതെല്ലാം ആ തൊടിയിൽ
നിന്നുതന്നെ
കിട്ടുമായിരുന്നു.ഇടപ്പറമ്പിലൂടെ ഒരു
കാര്യവുമില്ലെങ്കില്ലെും വലിയ

ഗൗരവത്തോടെ കാലത്തുമുതൽ സന്ധ്യയാകുന്നതുവരെ അമ്മൂമ്മയുടെ പിന്നാലെ നിഴലുപോലെ നടക്കുകയാണ്എന്റെ ജോലി.

പറമ്പിന്റെ ഒരതിരിനുതാഴെ വളരെതാ-ഴ്ചയുള്ള കൃഷിഭൂമിയാണ്. അവിടേക്ക് മഴകാലത്ത് മണ്ണൊഴികിപോകാതിരിക്കാൻ പലതരം വൃക്ഷങ്ങളും കൈതച്ചെടിയും കൊണ്ട് ഒരു കാടുതന്നെയു-ണ്ടാക്കിട്ടുണ്ട്. പശുവിനെ കെട്ടാൻ പാടത്തുപോകുന്നു എന്ന് അമ്മൂമ്മ വിളിച്ചുപറഞ്ഞാൽ ഉടൻ ഞാനും റെഡിയാകും. ഒറ്റക്ക് പോകാൻ ധൈര്യമില്ല. കുത്തനെയുള്ള



ഇറക്കമാണ്. ഇറങ്ങുമ്പോൾ സൂക്ഷിച്ചില്ലെങ്കിൽ കാൽവെയ്ക്കുമ്പോൾതന്നെ ചെളിയിൽ പോയിക്കിടക്കും. കുളക്കോഴികളുടെ ഒളിത്താവളങ്ങൾ ഇവിടെയാണ്. പക്ഷേ മനുഷ്യർക്ക് അത് ഒരിക്കലും കണ്ടുപ്പിടിക്കാൻ ആവില്ലാ. മനുഷ്യ നിർമിതമായ ഈ കാട്ടിൽ ധാരാളം അണ്ണാൻമാരുണ്ട്. അവരുടെ ചിൽചിൽ ശബ്ദം  കേൾക്കാൻ നല്ല രസമാണ്. അവരാണ് ആ കൊച്ചു കാടിന്റെ ജീവൻ തുടിക്കുന്ന സ്പന്ദനങ്ങൾ. അങ്ങനെയിരിക്കുമ്പോൾ ഒരു ദിവസം,പേരമരത്തിന്റെ ചുവട്ടിലിരുന്ന് കുട്ട നെയ്യുന്ന വാസുവിന്റെ മകൾ ഷൈല

യുടെ മുട്ടിലെ തൊലി പോയിടത്ത്
കമ്മ്യുണിസ്റ്റ് പച്ച എന്ന ഔഷധച്ചെടിയുടെ
നീർ കൈകൊണ്ട് പിഴിഞ്ഞ് ഒഴിച്ച്
ശുശ്രൂഷിച്ച് കൊണ്ട് ഇരുന്ന എന്നെ
അമ്മുമ്മ ദേഷ്യത്തോടെ വിളിച്ചു എടി
പെണ്ണേ നീ ഇങ്ങോട്ട്
വന്നേ......അമ്മുമ്മയുടെ ശബ്ദത്തിലെ
കടുപ്പം കേട്ടപ്പോൾ കാര്യം അത്ര
സുഖമ്മുള്ളത്തല്ല എന്ന് എനിക്ക്
തോന്നി.'നിനക്ക് വേറെ ഒരു പണിയും
്്റെ കിട്ടീയില്ലെ ...........ഓളുടെ ഒരു
മരുന്ന് ഇടൽ ........പോയി കൈയും മുഖവും
കഴുക്കിവാ.......”അമ്മുമ്മ പിന്നെയും
എന്തൊക്കെയോ
പറയുന്നുണ്ടായിരുന്നു.എനിക്ക് ഈ

ഗൗരവത്തിന്റെ കാരണം
മനസ്സിലായില്ല.മനസ്സിലാക്കാത്ത
സംഗതികളുടെ പട്ടികയിലേക്ക് ഈ
കാര്യവും ഞാൻ മാറ്റി വെച്ചു. കുറച്ച്
കഴിഞ്ഞപ്പോൾ പുറത്ത് വന്നു ഓയി
.....അവിടെ അപ്പുപ്പൻ അമ്മുമ്മയെ
വിളിക്കുന്നത് അങ്ങനെയാണ്.മറുപടിയായി
മറ്റൊരു ഓയി കേട്ടു. ചെയ്യ്തു
കൊണ്ടിരിക്കുന്ന ജോലിയിലെ ഈർഷയും
മടുപ്പും ഈ ഓയി വിളിയിൽ പ്രകടിപ്പിക്കീൻ
അമ്മുമ്മയ്ക്ക് അറിയാം. സന്തോഷത്തൊടെ
ഇരിക്കുന്ന  സമയമാണെങ്കിൽ ആ ഓയി
വിളിക്ക് കുസൃത്തിയുടെ ഭാവവും കാണും
.ചിരിക്കാൻ വലിയ കാര്യം ഒന്നും വേണ്ട
അമ്മുമ്മയ്ക്.ചെറിയ കാര്യങ്ങൾക്ക്

പോലും പൊട്ടി ചിരിക്കുന്ന അമ്മുമ്മയുടെ ആ ചിരിയിൽ ഹൃദയത്തിന്റെ അടിത്തട്ട് പോലും കാണാമായിരുന്നു.അതാണ് ആ വീടിന്റെ താളവും.

അമ്മുമ്മയെ വിളിച്ച് തെക്കിനിയിലേക്ക് പോയ അപ്പുപ്പൻ പറയുന്നത് കേട്ടു.”അവരിപ്പോൾ വരും .......എവിടെ കെട്ടും ? ഭക്ഷണം കൊടുക്കണം രണ്ട് ആൾക്കാർ കൂടെ ഉണ്ടാക്കും.എല്ലാ അവർ നോക്കികൊള്ളും".എനിക്ക് ഒരു പിടിയും കിട്ടിയില്ല ആര് വന്ന കാര്യമാണ് പറയുന്നത്. കെട്ടുമെന്ന് പറയുന്നത് കൊണ്ട് വരുന്നത് പശുവോ ആടോ ആയിരിക്കും.അതിനെ നോക്കാൻ എന്തിനാ രണ്ടു പേര് ?ഞാനും അമ്മുമ്മയും പോരെ ?

സംശയങ്ങൾ ഒന്നിനു പുറക്കെ ഒന്നായി വന്നുകൊണ്ട് ഇരുന്നപ്പോൾ ദാ.........വരുന്നു ഒരു പറ്റം കുട്ടികളുടെ രണ്ടു മുതിർന്നവരുടെ അകംപടിയോടെ ഒരു കരി വീരൻ. എന്റെ വാ അറിയാതെ തുറന്ന് പോയി. പൊതുവേ പണം ചെലവാക്കുന്ന കാര്യത്തിൽ കണിശക്കാരനായ ഔസേപ്പ് മാപ്പിള എന്ന എന്റെ അപ്പുപ്പൻ ഒരു ആനയെ വാങ്ങിച്ചെന്നോ?എനിക്ക് വിശ്വസിക്കാൻ ആയില്ല .അമ്മുമ്മ ചോദിച്ചു .സംശയം നേരാണ് അപ്പുപ്പൻ ആനയെ വാങ്ങിച്ചു

.അതിഷയം കൊണ്ട് ഞാൻ തുള്ളി ചാടി.എന്റെ ചാട്ടം കണ്ട് അവർ ചിരിച്ചു . ഈ ആന നിന്റെതാണ് . നീയാണ് ഇതിനെ നോക്കേണ്ടത് . വെള്ളം കൊടുക്കണം , പഴം,ശർക്കര,ചോറ് ഇടക്ക് മരുന്നുക്കൾ .ഇതൊക്ക കൊടുക്കണം ......ചെയ്യോ.?........ഉം!......ഏതോ ലോകത്ത് നിന്നും കാണുന്ന പോലെ ഞാൻ തല ആട്ടി .അപ്പുപ്പനോട് എനിക്ക് ആരാധന തോന്നി .എന്നാലും കൊള്ളാം

എവിടിത്തെ പിള്ളേരുടെ മുന്നിൽ
ഇനി എനിക്ക് ഒരു നിലയും വിലയും
ഉണ്ടാക്കും.അഹങ്കാരികൾ .വരട്ടെ
കാണിച്ച് കൊടുക്കാം .എന്റെ
അനുവാദം ഇല്ലാതെ ആരെയും
ആനയുടെ അടുത്ത് വരാൻ
സമ്മതിക്കില്ല . ദൂരെ നിന്ന് ആനയെ
കണ്ട് സന്തോഷിച്ചു .പാപ്പാൻമാർ ഒരു
തെങ്ങിൽ ആനയെ തളച്ചു .പനംപട്ട
ആനതന്നെ കുറെ കൊമ്പിനും
തുമ്പികൈയ്കും ഇടയിൽ
വെച്ചുകൊണ്ട് വന്നിരുന്നു .പനംപട്ട
ചീന്തി കീറി തുമ്പികൈകൊണ്ട്

വായിൽ തിരുക്കി വെക്കുന്നത് കാണാൻ കൗതുകം തൊന്നി. എത്ര കണ്ടാലും മതിവരാത്ത കാഴ്ച്ചകൾ .രണ്ട് ദിവസം കൊണ്ട് ആനയോട് ഉള്ള പേടി മാറി.ആന ഉപദ്രവിക്കില്ല .എന്ന് തോന്നിയപ്പോൾ മെല്ലെ അടുത്ത് പോയി തൊട്ട് നോക്കി.അറിയാതെ ഒരു കാര്യം പറഞ്ഞുപോയി .അങ്ങനെ പറയണമെന്ന് കരുത്തിയതല്ല

“ഈ ആനയെ അപ്പപ്പൻ എനിക്ക് വീട്ടിൽ പോകുമ്പോൾ കൊണ്ട് പോക്കാൻ വാങ്ങിയതാണെന്ന് .പറഞ്ഞുകഴിഞ്ഞപ്പോൾ

അത്രയ്ക്ക് വേണ്ടിയിരുന്നില്ല എന്ന് തൊന്നി.പിന്നെ വിച്ചാരിച്ച സാരമില്ല .വീട്ടിൽ പോകുമ്പോൾ എന്തെങ്കിലും പറയാം .വീട്ടിൽ ഇത്രയും സ്ഥലം ഇല്ലെന്നോ മറ്റോ ...എന്തായാലും കുട്ടികൾക്ക് എന്നോട് ഉള്ള മതിപ്പ് പതിന്മടങ്ങ് വർദിച്ചു .അവരുടെ ഇടയിൽ ഇപ്പോൾ എന്റെ ശബ്ദം മാത്രമേ മുഴങ്ങി കേൾക്കാറുള്ളു .ദിവസങ്ങൾ പലത് കഴിഞ്ഞു. എന്റെ അവധിക്കാലം കഴിയാറായി .സ്വന്തം വീട്ടിലേക്ക് തിരിച്ചു പോണം .ആനയുടെ കാര്യം എന്ത് ചെയ്യും .എന്ത് പറയും .ഞാൻ പോയികഴിഞ്ഞിട്ടും ആന ഇവിടെ നിൽക്കുന്നത് കണ്ടാൽ ഞാൻ പറയുന്നതെല്ലാം പുളു ആണെന്ന് അവർ കരുതും ആകെ പ്രശ്നം ആയി.രാത്രി കിടന്നിട്ട് ഉറക്കം വന്നില്ല .ആനയെ ഇവിടെ കൊണ്ട് പോയി ഒളിപ്പിക്കും .ആനയിടെ കാര്യത്തിൽ ഒരു പോംവഴിയും ഉദിച്ചില്ല അപ്പപ്പന്റെ കൈ പിടിച്ച് കുലുക്കി എല്ലാം ഭംഗി ആയിരിക്കുന്നു

*എന്ന വിധത്തിൽ ചിരിച്ചു .പിന്നെ വന്ന വരും ആനയും പാപ്പാൻമാരുമായി പുറത്തേക്ക് നടന്നു .എനിക്ക് ഒന്നും മനസിലായില്ല എന്തിനാ അപ്പൂപ്പന്റെ ആനയെ ഈ നമ്പൂതിരി കൊണ്ട് പോകുന്നത് ?നമ്മുക്കും പോകാം അമ്മാവൻ ബുള്ളറ്റ് വീണ്ടും സ്റ്റാർട്ട് ആക്കി .ഞാൻ വണ്ടിയിൽ പോയി ഇരുന്നു യാത്രയിൽ ഉടനീളം ചിന്തിച്ചു .അപ്പോൾ ആന അവരുടെതായിരുന്നു .മെല്ലെ എന്റെ ആലോചന ചിരിയായിമാറി*

*ടീന എം.സി*
*അധ്യാപിക*





## നന്ദി

***വിവരവിനിമയ സാങ്കേതിക രംഗത്ത് പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് സാങ്കേതിക പരിജ്ഞാനം ലഭിക്കുന്ന ഈ പ്രസ്ഥാനെ മേൽമേൽക്കുമേൽ പറന്നുയരട്ടെ.ഈ കൊച്ചു മാഗസിനിലേക്ക് കൃതികൾ നൽകിയ സഹപാഠികൾക്കും, ചിത്രം സഹായിച്ചവരേയും ഡിസൈനിംഗിന് സഹായിച്ചവരേയും,ഞങ്ങളുടെ ഹെഡ്മിസ്ട്രസ്സ്, കൈറ്റ് മാസ്റ്റേഴ്സ് എല്ലാവർക്കും നന്ദിയുടെ നറുമലരുകൾ അർപ്പിക്കുന്നു.***